# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 247 — 28.06.2016 ൽ - മറുപടിക്ക്

## റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ചിറയം ഗോപകുമാർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ; | (എ) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ ഭാഗമായി 2013 ഒക്ടോബർ മുതൽ 2014 മാർച്ച് വരെ തിരുവനന്തപുരം ജില്ലയിലെ 6 റേഷൻ കടകളിൽ ഒരു പ്രീ-പൈലറ്റ് പദ്ധതി നടപ്പാക്കിയിരുന്നു. പ്രീ-പൈലറ്റ് പദ്ധതി പ്രകാരം പൂർണ്ണമായും ഓൺലൈൻ ആയി ബയോമെട്രിക് ആതന്റിക്കേഷൻ നടത്തി ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞാണ് റേഷൻ വിതരണം നടത്തിയിരുന്നത്. 2015 ആഗസ്റ്റ് മുതൽ 2016 ഏപ്രിൽ വരെയുള്ള കാലയളവിൽ ഒരു മോഡൽ പൈലറ്റ് പദ്ധതിയും നടത്തിയിരുന്നു. (ഈ കടകളുൾപ്പെടെയാണ് പ്രീ-പൈലറ്റ് പദ്ധതിയും നടത്തിയത്) മോഡൽ പൈലറ്റിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലുള്ള 22 റേഷൻ കടകളിൽ ഇ-പോസ് (e-PoS – Electronic Point of Sale) മെഷീൻ സ്ഥാപിച്ച് ബയോമെട്രിക് ഐഡന്റിഫിക്കേഷൻ വഴിയോ OTP ആതന്റിക്കേഷൻ വഴിയോ കാർഡുടമയെ തിരിച്ചറിഞ്ഞ് റേഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിരുന്നു. 5 കമ്പനികളുടെ മെഷീനുകളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. ബിൽ തയ്യാറാക്കുക, ഗുണഭോക്തൃ വിഹിതം പ്രദർശിപ്പിക്കുക, സ്റ്റോക്ക് അപ്ഡേറ്റ് ചെയ്യുക, തത്സമയ സ്റ്റോക്ക് പോർട്ടൽ മുഖേന വിഹിതം കാണിക്കുക തുടങ്ങിയവ ഇതിൻ പ്രകാരം പരീക്ഷിച്ചിട്ടുണ്ട്. രണ്ടു പദ്ധതികൾക്കും മുന്നോടിയായി റേഷൻ കടകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. |

| | |
|---|---|
| | ഒരേ നിറത്തിൽ പെയിന്റ് ചെയ്യുകയും ആവശ്യമായ അറ്റകുറ്റപണികൾ നടത്തുകയും തറ ടൈൽ പാകുകയും ഇലക്ട്രിക് വയറിംഗ് നവീകരിക്കുകയും ചെയ്തു. ബയോമെട്രിക് സംവിധാനം വഴി ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനായി ആധാർ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് എസ്.എം.എസ്. സന്ദേശം നൽകുന്നതിന് കേന്ദ്രസർക്കാരിനു കീഴിലുള്ള **MSDG (Mobile Services Delivery Gateway)** യുടെ സേവനം തേടി വരുന്നുണ്ട്. |
| (ബി) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ; | (ബി) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണവുമായി മാത്രം ബന്ധപ്പെട്ട് താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്. (മോഡൽ പൈലറ്റ് നടപ്പാക്കിയ 22 എ.ആർ.ഡി. കളിലേക്ക് ചെലവായത്) |

| ഇനം | തുക |
|---|---|
| റേഷൻ കടകളുടെ നവീകരണം | 13,25,616 |
| വാതിൽപ്പടി വിതരണം | 69,275 |
| കണക്ടിവിറ്റി ചെലവുകൾ (SIM) | 1,51,920 |
| കണക്ടിവിറ്റി ചെലവുകൾ (കൺട്രോൾ റൂം) | 8,44,146 |
| മറ്റു ചെലവുകൾ | 81,294 |
| ആകെ | 24,72,251 |

| | |
|---|---|
| (സി) പൊതുവിതരണം ശാക്തീകരിക്കുന്നതിന് സഹായകമാകുന്ന കമ്പ്യൂട്ടർവൽക്കരണം റേഷൻ കടകളിൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ? | (സി) റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Thulasi

*സെക്ഷൻ ഓഫീസർ*